# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ഒക്ടോബർ 17**<br>**October 17** | **2018** |

***1193 കന്നി 31 ബുധൻ***

# പത്രക്കുറിപ്പ് -1

**[www.prd.kerala.gov.in](http://www.prd.kerala.gov.in),** **[diopta1@gmail.com](mailto:diopta1@gmail.com)** **ഫോൺ0468-2222657**

**സൗദി അറേബ്യയിലേക്ക് പാരാമെഡിക്കൽ നിയമനത്തിനായി സ്കൈപ്പ് ഇന്റർവ്യൂ**

സൗദി അറേബ്യയിലെ പ്രമുഖ ആരോഗ്യകേന്ദ്രമായ അൽ-മൗവ്വാസത്ത് മെഡിക്കൽ സർവീസ് ആശുപത്രിയിലേക്ക് പരിചയസമ്പന്നരായ പാരാമെഡിക്കൽ സ്റ്റാഫുകളെ തെരഞ്ഞെടുക്കുന്നതിനുള്ള സ്കൈപ്പ് ഇന്റർവ്യൂ നവംബറിൽ ഒഡെപെക് നടത്തും. ബന്ധപ്പെട്ട വിഷയത്തിൽ രണ്ട് വർഷത്തിൽ കൂടുതൽ പ്രവൃത്തിപരിചയമുള്ള ഉദ്യോഗാർഥികൾ വിശദവിവരങ്ങൾ അടങ്ങിയ ബയോഡേറ്റ ഈ മാസം 31നകം odepcprivate@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരത്തിന് www.odepc.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(പിഎൻപി 3396/18)

**ഉജ്ജ്വലബാല്യം പുരസ്കാരത്തിന് അപേക്ഷിക്കാം**

കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ മികവാർന്ന കഴിവ് തെളിയിച്ചിട്ടുള്ള അഞ്ചിനും 18നും ഇടയിൽ പ്രായമുള്ളവർക്ക് (ഭിന്നശേഷിക്കാർ ഉൾപ്പെടെ) ഉജ്ജ്വലബാല്യം പുരസ്കാരത്തിന് അപേക്ഷിക്കാം. ആറന്മുള മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസിൽ ഈ മാസം 28 വരെ അപേക്ഷ സ്വീകരിക്കും. ഫോൺ: 0468 2319998. (പിഎൻപി 3397/18)

## വെണ്ണിക്കുളം പോളിടെക്നിക്ക് കോളജ്

വെണ്ണിക്കുളം പോളിടെക്നിക്ക് കോളജിൽ ഒന്നാം വർഷ വിദ്യാർഥികൾക്ക് 20ന് റഗുലർ ക്ലാസ് ഉണ്ടായിരിക്കില്ലെന്ന് പ്രിൻസിപ്പൽ അറിയിച്ചു. (പിഎൻപി 3398/18)

## വാച്ച്മാൻ ഇന്റർവ്യൂ 26ന്

റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിന്റെ കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ താത്ക്കാലിക വാച്ച്മാൻ തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള കൂടിക്കാഴ്ച ഈ മാസം 26ന് രാവിലെ 10.30ന് റാന്നി ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നടക്കും. അപേക്ഷ സമർപ്പിച്ച പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർ ജാതി, വയസ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസൽ, മുൻ പരിചയം ഉണ്ടെങ്കിൽ അതിന്റെ സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം ഹാജരാകണം. ഫോൺ: 04735 227703. (പിഎൻപി 3399/18)

## ഷോർട്ട് ലിസ്റ്റ്

ജില്ലയിൽ എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (എൻസിഎ-ഒബിസി) തസ്തികയിലേക്കുള്ള ചുരുക്കപ്പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു.

(പിഎൻപി 3400/18)

## ഭക്ഷ്യസംസ്കരണത്തിൽ പരിശീലനം

കോന്നി സിഎഫ്ആർഡിയുടെ ആഭിമുഖ്യത്തിൽ ഭക്ഷ്യവസ്തുക്കളുടെ സംസ്കരണത്തണത്തിൽ ഈ മാസം 23 മുതൽ 27 വരെ സൗജന്യ പരിശീലനം നൽകും. എസ്.എസ്.എൽ.സി പാസായവരും 18നും 55നും മധ്യേ പ്രായമുള്ളവരും ഭക്ഷ്യസംസ്കരണത്തിൽ അഭിരുചിയുള്ളവരുമായിരിക്കണം അപേക്ഷകർ. പരിശീലന കാലയളവിൽ ഭക്ഷണത്തിനും താമസത്തിനും സിഎഫ്ആർഡി നിശ്ചയിക്കുന്ന നിരക്കിൽ ബത്ത നൽകും. ഫോൺ: 0468 2241144. (പിഎൻപി 3401/18)

## നിരോധനാജ്ഞ പുറപ്പെടുവിച്ചു

തിരുവല്ല പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സ്ഥലത്ത് സംഘർഷാവസ്ഥ ഒഴിവാക്കി ക്രമസമാധാനം നിലനിർത്തി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനും ക്രിമിനിൽ നടപടിക്രമം വകുപ്പ് 144 പ്രകാരം ജനങ്ങൾ അന്യായമായി സംഘം ചേരുന്നതും പ്രകടനം, പൊതുയോഗം എന്നിവ നടത്തുന്നതും ഇന്നും (18) നാളെയും 19) നിരോധിച്ച് ജില്ലാ മജിസ്ട്രേറ്റ് ഉത്തരവായി.

(പിഎൻപി 3402/18)

## ശബരിമലയിൽ നടക്കുന്നത് രാഷ്ട്രീയ സമരം; അനുരഞ്ജനമാണ് സർക്കാർ നയം: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ സ്ത്രീപ്രവേശനവുമായി ബന്ധപ്പെട്ട് ശബരിമലയിൽ നടക്കുന്നത് രാഷ്ട്രീയ സമരം മാത്രമാണെന്നും ജനങ്ങൾ സത്യം തിരിച്ചറിയുമെന്നും ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ശബരിമല സന്നിധാനത്ത് മാധ്യമപ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. ചിലർ അക്രമപാതയിലാണ് സമരം നയിക്കുന്നത്. ഇതിനെതിരേ ബലപ്രയോഗമല്ല സർക്കാർ നയം. അനുരഞ്ജനത്തിന്റെ പാതയാണ് സർക്കാർ പിന്തുടരുക. ആരുടേയും വിശ്വാസങ്ങൾക്ക് സർക്കാർ എതിരല്ല. എന്നാൽ, സുപ്രീംകോടതി വിധി നടപ്പാക്കാതിരിക്കാൻ ഉത്തരവാദിത്തപ്പെട്ട സർക്കാരിന് സാധിക്കില്ല.

യുവതികളെ ശബരിമലയിൽ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഒരു വ്യാഴവട്ടക്കാലം കേസ് നടത്തിയവർ തന്നെയാണ് ഇന്ന് സുപ്രീംകോടതി വിധിക്കെതിരേ പ്രാകൃതസമരം നയിക്കുന്നത്. ഇത് മാധ്യമങ്ങൾ തുറന്നു കാണിക്കേണ്ട ആവശ്യകതയുണ്ട്. നവോത്ഥാന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കേരളീയ ജനത ഇത്തരം കള്ള നാണയങ്ങളെ തിരിച്ചറിയുകയും അവർക്കെതിരേ മുന്നോട്ടു വരികയും ചെയ്യുമെന്ന കാര്യത്തിൽ തർക്കമില്ല. ശാന്തമായ അന്തരീക്ഷത്തിൽ ഏവരും ശബരിമല ദർശനം നടത്തണം എന്നുള്ളതാണ് സർക്കാരിന്റെ ആഗ്രഹം. ഈ സമാധാന അന്തരീക്ഷം തകർക്കാൻ ചിലർ ബോധപൂർവം ശ്രമം നടത്തുന്നുണ്ട്. ഇത് ജനം തിരിച്ചറിയുകയും അവർക്കെതിരേ ജനവികാരം ഉയരുകയും ചെയ്യുമെന്ന് ഉറപ്പുണ്ട്.

എൽഡിഎഫ് സർക്കാർ ശബരിമലയുടെ വികസനത്തിനായി യാതൊന്നും ചെയ്യുന്നില്ല എന്ന പ്രചാരണം തെറ്റാണ്. 2016 ശബരിമല തീർഥാട കാലത്ത് 107.48 കോടി രൂപ സർക്കാർ ശബരിമലവികസനത്തിനായി ചെലവഴിച്ചു. 2017ൽ 178.66 കോടി രൂപയും ശബരിമല വികസനത്തിനായി ചെലവഴിച്ചു. സന്നിധാനത്തെ കാണിക്ക സർക്കാർ കൊണ്ടുപോകുന്നു എന്ന പ്രചാരണവും വ്യാപകമായി നടന്നിരുന്നു. എന്നാൽ, വർഷാവർഷം കാണിക്ക വരവ് വർധിച്ചു വരുന്നത് ഇത്തരം കള്ളപ്രചാരണങ്ങളെ ജനങ്ങൾ പുച്ഛിച്ചു തള്ളുന്നു എന്നുള്ളതിന്റെ തെളിവാണ്. പ്രളയത്തിൽ സർക്കാർ എങ്ങനെയാണോ ഉണർന്നു പ്രവർത്തിച്ചത് അതേ ഗൗരവത്തോടെ തന്നെ ഭക്തർക്ക് തീർഥാടന സൗകര്യങ്ങൾ ഒരുക്കുന്നതിൽ അതീവ ജാഗ്രത പാലിക്കുമെന്നും മന്ത്രി പറഞ്ഞു.

നവംബർ 15ന് അകം എല്ലാ നിർമാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ച് മണ്ഡലകാല തീർഥാടനത്തിന് സജ്ജമാകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുകയാണ്. ഇതിനോടകം മുഖ്യമന്ത്രി പിണറായി വിജയൻ നാലു യോഗങ്ങളാണ് ശബരിമലയുടെ നിർമാണ പുരോഗതി വിലയിരുത്തുന്നതിന് വിളിച്ചു ചേർത്തത്. മുഖ്യമന്ത്രി ചികിത്സ കഴിഞ്ഞ് തിരിച്ചെത്തിയ ഉടൻ ആദ്യം വിളിച്ചു ചേർത്തതും ശബരിമലയുടെ അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട യോഗമായിരുന്നു. രാജു ഏബ്രഹാം എംഎൽഎ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, ദേവസ്വം ബോർഡ് മെമ്പർമാരായ കെ.പി. ശങ്കരദാസ്, കെ. രാഘവൻ, ദേവസ്വം കമ്മീഷണർ എൻ. വാസു, ദേവസ്വം സെക്രട്ടറി കെ.ആർ. ജ്യോതിലാൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. (പിഎൻപി 3403/18)

## ഫോട്ടോ അടിക്കുറിപ്പ്

1) സന്നിധാനത്ത് നടന്ന അവലോകന യോഗത്തിന് ശേഷം ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ മാധ്യമപ്രവർത്തകരുമായി സംസാരിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

| ഒക്ടോബർ 17<br>October 17 | 2018 |
| --- | --- |

*1193 കന്നി 31 ബുധൻ*

# പത്രക്കുറിപ്പ് -2

**www.prd.kerala.gov.in**, **diopta1@gmail.com** **ഫോൺ0468-2222657**

**യോഗ പരിശീലകർക്ക് അവസരം**

വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള കോഴഞ്ചേരി ഗവൺമെന്റ് മഹിളാമന്ദിരത്തിലെ താമസിക്കാർക്ക് യോഗ പരിശീലനം നൽകുവാൻ പരിചയസമ്പന്നരായ അംഗീകൃത യോഗ രിശീലനകർക്ക് അപേക്ഷിക്കാം. ഫോൺ: 0468 2310057.

(പിഎൻപി 3404/18)

**ഗതാഗതനിയന്ത്രണം**

കല്ലുകുഴ-മലനട റോഡിൽ പുനരുദ്ധാരണ പ്രവൃത്തികൾ നടക്കുന്നതിനാൽ നാളെ (19) മുതൽ 30 ദിവസത്തേക്ക് ഗതാഗതനിയന്ത്രണം ഏർപ്പെടുത്തി. വാഹനങ്ങൾ കല്ലുകുഴി - ഗണേശവിലാസം - കൊച്ചുകുന്ന്മുക്ക്-ഇടയ്ക്കാട് റോഡിൽ കൂടി മലനടയ്ക്ക് പോകണമെന്ന് പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

(പിഎൻപി 3405/18)

**ടെൻഡർ**

റാന്നി അഡീഷണൽ ഐസിഡിഎസ് പ്രോജക്ട് ഓഫീസിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും നൽകുന്നതിന് ടെൻഡർ ക്ഷണിച്ചു. ഫോൺ: 04735241440, 8281999128.

(പിഎൻപി 3406/18)

## ശബരിമല തീർഥാടനം : നവംബർ 15ന് മുമ്പ് നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കും – മന്ത്രി കടകംപള്ളി സുരേന്ദ്രൻ

മണ്ഡല–മകരവിളക്ക് തീർഥാടനത്തിന് മുന്നോടിയായി നവംബർ 15ന് മുമ്പ് തീർഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള എല്ലാ നിർമാണ പ്രവർത്തനങ്ങളും പൂർത്തിയാക്കുമെന്ന് ദേവസ്വംമന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. ശബരിമല തീർഥാടന മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് സന്നിധാനത്ത് ചേർന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

നിർമാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനായി വിവിധ വകുപ്പ് മേധാവികളെ നോഡൽ ഓഫീസർമാരായി നിയമിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തും. നിലയ്ക്കൽ ബേസ് ക്യാമ്പായി പ്രവർത്തിക്കുന്നതിനാൽ ഇവിടെ കുടിവെള്ളം, ശുചിമുറികൾ, പാർക്കിംഗ് എന്നിവയ്ക്ക് കൂടുതൽ സൗകര്യമൊരുക്കും. നിലവിൽ 40 ലക്ഷം ലിറ്റർ കുടിവെള്ള സംഭരണമാണ് നിലയ്ക്കൽ ഉള്ളത്. ഇത് 65 ലക്ഷം ലിറ്ററായി ഉയർത്തും. സീതത്തോടിൽ നിന്നും പമ്പയിൽ നിന്നുമാണ് വെള്ളം ഇവിടേക്ക് എത്തിക്കുന്നത്. വാട്ടർ അതോറിറ്റി സജ്ജീകരിക്കുന്ന സ്ഥിരം ലാബ് സംവിധാനത്തിലൂടെ ദിവസവും ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യും. നിലയ്ക്കലിൽ പാർക്കിംഗ് വിപുലീകരിക്കുന്നതിനായി 4735 മരങ്ങൾ മുറിച്ചുമാറ്റും. നിലവിൽ 15000 വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യമേ നിലയ്ക്കൽ ഉള്ളൂ. ഇത് 25000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള സൗകര്യമായി ഉയർത്തും. പമ്പയിലെ ഗവൺമെന്റ് ആശുപത്രിയിൽ അടിഞ്ഞുകൂടിയ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്. ഇവിടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ആശുപത്രി വിപുലീകരിക്കും. നിലയ്ക്കലിൽ നിന്നും പമ്പയിലേക്ക് 250 കെഎസ്ആർടിസി വാഹനങ്ങൾ ചെയിൻസർവീസ് നടത്തും. ശുചീകരണ തൊഴിലാളികളെ കൂടുതലായി നിയോഗിച്ച് പമ്പയിലും സന്നിധാനത്തും മാലിന്യം നിക്ഷേപിക്കുന്നത് തടയും. സന്നിധാനത്തും പമ്പയിലും കൂടുതൽ കവറേജ് ലഭ്യമാക്കുന്നതിനായി ബിഎസ്എൻഎൽ കൂടുതൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തും. അയ്യപ്പന്റെ ആരൂഢമായ പൂങ്കാവനം പ്ലാസ്റ്റിക് മുക്തമാക്കുന്നതിന് ശുചിത്വമിഷന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ തുണിസഞ്ചികൾ വിതരണം ചെയ്യുകയും പ്ലാസ്റ്റിക്കുകൾ ശേഖരിച്ച് നിർമാർജനം ചെയ്യുകയും ചെയ്യും. പമ്പയിലെ സ്നാനഘട്ടങ്ങളിൽ കൂടുതൽ താത്ക്കാലിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പമ്പയിൽ താത്ക്കാലിക ബാരിക്കേഡുകൾ സ്ഥാപിക്കും. തീർഥാടന വഴികളിലെ കുളിക്കടവുകളിൽ വിവിധ ഭാഷകളിലുള്ള അപായമുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കും. വഴിവിളക്കുകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി. പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് 15 ദിവസത്തിന് ശേഷം പമ്പയിൽ വീണ്ടും യോഗം ചേരും.

രാജു എബ്രഹാം എംഎൽഎ, ദേവസ്വംബോർഡ് പ്രസിഡന്റ് എ.പത്മകുമാർ, ജില്ലാ കളക്ടർ പി.ബി.നൂഹ്, ബോർഡ് അംഗങ്ങളായ കെ.പി.ശങ്കരദാസ്, കെ.രാഘവൻ, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3404/18)

## ഫോട്ടോ അടിക്കുറിപ്പ്

2) ശബരിമല തീർഥാടന മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിന് സന്നിധാനത്ത് ചേർന്ന വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ ദേവസ്വംമന്ത്രി കടകംപള്ളി സുരേന്ദ്രൻ സംസാരിക്കുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| ഒക്ടോബർ 17<br>October 17 | 2018 |

***1193 കന്നി 31 ബുധൻ***

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**സരസകവി മൂലൂർ സ്മാരകത്തിൽ നാടക കളരി**

കേരള സംഗീത നാടക അക്കാദമിയുടെയും സരസകവി മൂലൂർ സ്മാരകത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ഈ മാസം 20, 21, 22 തീയതികളിൽ നാടക കളരി നടത്തും. നാടക കലയിൽ തല്പരരായ 15നും 35നും ഇടയിൽ പ്രായമുള്ള പത്തനംതിട്ട ജില്ലയിൽ നിന്നുള്ളവർക്കാണ് പ്രവേശനം. ആദ്യം പേരു നൽകുന്ന 30 പേർക്കു മാത്രമായി പ്രവേശനം പരിമിതിപ്പെടുത്തിയിട്ടുണ്ട്. പഠനാർഥികൾ സെക്രട്ടറി, സരസകവി മൂലൂർ സ്മാരകം, ഇലവുംതിട്ട എന്ന വിലാസത്തിൽ രജിസ്റ്റർ ചെയ്യണം. വാട്സ് ആപ്. 9447017 264
സ്കൂൾ ഓഫ് ഡ്രാമയിൽ നിന്നുള്ള പ്രഗത്ഭരായ അധ്യാപകർ ക്ലാസുകൾ നയിക്കും.

(പിഎൻപി 3406/18)

**വിദ്യാരംഭം**

ഇലവുംതിട്ട സരസകവി മൂലൂർ സ്മാരകത്തിന്റെ ആഭിമുഖ്യത്തിൽ വിജയദശമി ദിനമായ ഒക്ടോബർ 19ന് രാവിലെ 7.30 ന് വിദ്യാരംഭ ചടങ്ങുകൾ നടക്കും. ഏഴാച്ചേരി രാമചന്ദ്രൻ, റവ.ഡോ.മാത്യു ഡാനിയൽ തുടങ്ങിയവർ കുട്ടികളെ എഴുത്തിനിരുത്തും. ഇതോടനുബന്ധിച്ച് കവിയരങ്ങും നടക്കും. (പിഎൻപി 3407/18)

**ഗ്രാമസഭ**

ഇലന്തൂർ ഗ്രാമപഞ്ചായത്ത് 2019-20 പദ്ധതി രൂപീകരണ ഗ്രാമസഭകൾ ഈ മാസം 22 മുതൽ 27 വരെ നടക്കും. (പിഎൻപി 3408/18)




ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**ഒക്ടോബർ 17**

**October 17** **2018**

***1193 കന്നി 31 ബുധൻ***

# പത്രക്കുറിപ്പ് -4

**www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657**

**തുലാമാസ പൂജകൾക്കായി ശബരിമല നട തുറന്നു**

തുലാമാസ പൂജകൾക്കായി ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രനട ഇന്നലെ(17) വൈകിട്ട് അഞ്ചിന് തുറന്നു. ക്ഷേത്രതന്ത്രി കണ്ഠര് രാജീവരും മേൽശാന്തി ഉണ്ണികൃഷ്ണൻ നമ്പൂതിരിയും ചേർന്ന് ക്ഷേത്ര ശ്രീകോവിൽ നട തുറന്ന് ദീപം തെളിച്ചതോടെ തുലാമാസ പൂജകൾക്ക് തുടക്കമായി. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ, മെമ്പർമാരായ കെ.പി ശങ്കരദാസ്, കെ. രാഘവൻ, തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഇന്ന് (18) രാവിലെ നടതുറന്ന് നിർമാല്യവും പതിവ് പൂജകളും നെയ്യഭിഷേകവും ഗണപതി ഹോമവും നടക്കും. ഉഷപൂജയ്ക്ക് ശേഷം ശബരിമലയിലെ മേൽശാന്തി നറുക്കെടുപ്പ് നടക്കും. മേൽശാന്തി നറുക്കെടുപ്പിനായി പട്ടികയിൽ ഇടം നേടിയ ഒൻപത് ശാന്തിമാരുടെ പേരുകൾ വെള്ളിക്കുടത്തിലിട്ട് അതിൽ നിന്നാണ് പുതിയ മേൽശാന്തിയെ നറുക്കെടുക്കുക. പന്തളം കൊട്ടാരത്തിൽ നിന്ന് എത്തുന്ന കുട്ടികളാണ് നറുക്ക് എടുക്കുക. മാളികപ്പുറം മേൽശാന്തി നറുക്കെടുപ്പും തുടർന്ന് നടക്കും. ഒൻപത് പേരാണ് മാളികപ്പുറം മേൽശാന്തി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഇരു മേൽശാന്തിമാരും പുറപ്പെടാ ശാന്തിമാരായിരിക്കും.

അടുത്ത ഒരു വർഷം വരെയാണ് മേൽശാന്തിമാരുടെ കാലാവധി. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന മേൽശാന്തിമാർ നവംബർ16 ന് ഇരുമുടി കെട്ടുമായി മലചവിട്ടി സന്നിധാനത്ത് എത്തും. അഞ്ചു ദിവസത്തെ തുലാമാസ പൂജകൾ പൂർത്തിയാക്കി ക്ഷേത്രനട

22 ന് രാത്രി ഹരിവരാസനം പാടി അടയ്ക്കും. (പിഎൻപി 3409/18)

## ഹർത്താൽ: അതിക്രമം തടയാൻ കർശന നിർദേശം

ഹർത്താലിനോടനുബന്ധിച്ച് വാഹന ഗതാഗതം തടസപ്പെടുത്തുകയോ അക്രമങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അറിയിച്ചു.

നിയമവാഴ്ചയും സമാധാനഅന്തരീക്ഷവും നിലനിർത്തുന്നതിനും അതിക്രമവും പൊതുമുതൽ നശീകരണവും തടയുന്നതിനും പൊതുജനങ്ങളും ഹർത്താൽ അനുകൂലികളും സഹകരിക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചു. ശബരിമല തീർഥാടകർക്ക് എല്ലാവിധ സുരക്ഷയും ലഭ്യമാക്കാനും സംസ്ഥാന പോലീസ് മേധാവി നിർദേശം നൽകി. ശബരിമല, പമ്പ, നിലയ്ക്കൽ, എരുമേലി, ചെങ്ങന്നൂർ, പന്തളം, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിൽ പ്രത്യേക സുരക്ഷയും പട്രോളിംഗും ഏർപ്പെടുത്തിയിട്ടുണ്ട്. ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആവശ്യമെങ്കിൽ സുരക്ഷ ഉറപ്പാക്കും. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിന് രാത്രി മുതൽ പട്രോളിംഗ്, ആവശ്യമായ സ്ഥലങ്ങളിൽ പിക്കറ്റിങ് എന്നിവ ഏർപ്പാടാക്കും. ഏതു സാഹചര്യവും നേരിടുവാൻ കൂടുതൽ പോലീസ് സേനയെ സംസ്ഥാനം ഒട്ടാകെ വിന്യസിച്ചിട്ടുണ്ട്. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ ഇന്റലിജൻസ് ഉൾപ്പെടെ പോലീസിന്റെ എല്ലാ വിഭാഗങ്ങളും രംഗത്തിറങ്ങണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദേശിച്ചു. (പിഎൻപി 3410/18)

## പമ്പയിലും നിലയ്ക്കലുമായി 700 പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചു

പമ്പയിലും നിലയ്ക്കലും ക്രമസമാധാനം നിലനിർത്തുന്നതിനും തീർഥാടകർക്ക് സുരക്ഷ നൽകുന്നതിനുമായി ദക്ഷിണ മേഖലാ എ ഡി ജി പി അനിൽകാന്ത്, തിരുവനന്തപുരം റേഞ്ച് ഐ ജി മനോജ് എബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ചതായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അറിയിച്ചു.

നൂറ് വനിതാ പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ എഴുന്നൂറോളം സായുധസേനാംഗങ്ങളെ ഇതിനകം തന്നെ വിന്യസിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലാ പോലീസ് മേധാവി റ്റി നാരായണൻ, കെ എ പി മൂന്നാം ബറ്റാലിയൻ കമാൻഡന്റ് കെ ജി സൈമൺ, പോലീസ് ആസ്ഥാനത്തെ സ്പെഷ്യൽ സെൽ എസ് പി വി അജിത്, തിരുവനന്തപുരം സിറ്റി ഡെപ്യൂട്ടി കമ്മീഷണർ ആർ ആദിത്യ എന്നിവരുടെ നേതൃത്വത്തിലാണ് സുരക്ഷാസംവിധാനം ഒരുക്കിയിരിക്കുന്നത്. രണ്ട് എസ് പി മാർ, നാല് ഡിവൈ എസ് പിമാർ, ഒരു കമാൻഡോ ടീം എന്നിവരെ ഉടൻതന്നെ ഇവിടെ നിയോഗിക്കും. സുരക്ഷാസംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 11 സർക്കിൾ ഇൻസ്പെക്ടർമാർ, 33 സബ് ഇൻസ്പെക്ടർമാർ, വനിതകൾ ഉൾപ്പെടെ 300 പോലീസുകാർ എന്നിവരെയും ഉടൻതന്നെ നിയോഗിക്കും. കൂടാതെ ലോക്കൽ പോലീസിനെയും സ്ഥലത്ത് വിന്യസിച്ചിട്ടുണ്ടെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

(പിഎൻപി 3411/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ഒക്ടോബർ 17**<br>**October 17** | **2018** |

***1193 കന്നി 31 ബുധൻ***

# പത്രക്കുറിപ്പ് -5

www.prd.kerala.gov.in, diopta1@gmail.com **ഫോൺ0468–2222657**

**മാധ്യമപ്രവർത്തകരെ കൈയേറ്റം ചെയ്തവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തു**
**പമ്പയിലും നിലയ്ക്കലും ഉന്നത പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു**

പമ്പയിലും നിലയ്ക്കലും ക്രമസമാധാനം നിലനിർത്തുന്നതിനും തീർഥാടകർക്ക് സുരക്ഷ നൽകുന്നതിനുമായി കൂടുതൽ ഉന്നത പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചു. ടെലികമ്യൂണിക്കേഷൻ എസ്.പി എച്ച്. മഞ്ജുനാഥ്, സി ബി സി ഐ ഡി അനാലിസിസ് വിങ് എസ് പി കെ.എസ്. സുദർശൻ, എൻ ആർ ഐ സെൽ എസ് പി വി.ജി. വിനോദ്കുമാർ, കൊല്ലം സിറ്റി ജില്ലാ പോലീസ് മേധാവി പി.കെ. മധു എന്നിവരെയാണ് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ നിയോഗിച്ചത്. മാധ്യമപ്രവർത്തകരെ കൈയേറ്റം ചെയ്തവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവരെ ഉടൻ പിടികൂടുമെന്നും അദ്ദേഹം അറിയിച്ചു. മേഖലയിൽ ക്രമസമാധാനം നിലനിർത്തുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. (പിഎൻപി 3412/18)

**പെരുമ്പുളിക്കൽ ചെറുലയം– മാമൂട് റോഡ് ടെൻഡർ നടപടിയായി**

പന്തളം തെക്കേക്കര ഗ്രാമപഞ്ചായത്തിലെ ഗ്രാമീണ റോഡായ പെരുമ്പുളിക്കൽ ചെറുലയം–മാമൂട് റോഡ് ടെൻഡർ നടപടി പൂർത്തീകരിച്ചു. രണ്ടു കോടി രൂപ ചെലവഴിച്ചു നിർമിക്കുന്ന റോഡിന്റെ കരാർ ഒപ്പിട്ടു.

എത്രയും വേഗം നിർമാണ പ്രവർത്തനം തുടങ്ങുമെന്ന് ചിറ്റയം ഗോപകുമാർ എംഎൽഎ അറിയിച്ചു. മന്നംനഗർ, ചെറുലയം, പൊങ്ങലടി, മല്ലിക, മാമൂട് വാർഡുകളിൽ

കൂടി കടന്നു പോകുന്ന റോഡ് നാലു മീറ്റർ വീതിയിലാണ് നിർമിക്കുന്നത്.

(പിഎൻപി 3413/18)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഒക്ടോബർ 17<br>October 17 | 2018 |
|---|---|

*1193 കന്നി 31 ബുധൻ*

## പത്രക്കുറിപ്പ് -6



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657


---

**ശബരിമല തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കും**

## ഇലവുങ്കൽ മുതൽ ശബരിമല സന്നിധാനം വരെ രണ്ടു ദിവസം നിരോധനാജ്ഞ

ഇലവുങ്കൽ മുതൽ സന്നിധാനം വരെ എല്ലാ പ്രദേശങ്ങളിലും റോഡുകളിലും ക്രിമിനൽ നടപടിക്രമം വകുപ്പ് 144 പ്രകാരം ഇന്നും(18), നാളെയും(19) നിരോധനാജ്ഞ പ്രഖ്യാപിച്ച് ജില്ലാ മജിസ്ട്രേട്ടും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാനം നിലനിർത്തി ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും പൊതുമുതൽ സംരക്ഷിക്കുന്നതിനുമാണ് ഉത്തരവ്. ഇതുപ്രകാരം ജനങ്ങൾ അന്യായമായി സംഘം ചേരുന്നതും, പ്രകടനം, പൊതുയോഗം എന്നിവ നടത്തുന്നതും നിരോധിച്ചു. ഇലവുങ്കൽ മുതൽ സന്നിധാനം വരെ പ്രാർഥനായജ്ഞങ്ങൾ, മാർച്ച്, പ്രതിഷേധ പരിപാടികൾ, മറ്റ് നിയമവിരുദ്ധ ഒത്തുകൂടലുകൾ എന്നിവയും നിരോധിച്ചു. ശബരിമല ദർശനത്തിന് എത്തുന്ന തീർഥാടകർക്ക് സമാധാനപരമായ ദർശനം, അവരുടെ വാഹനങ്ങളുടെ സുഗമമായ സഞ്ചാരം എന്നിവ നിരോധനാജ്ഞയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 17ന് അർധരാത്രി മുതൽ 19ന് അർധരാത്രി വരെ ഉത്തരവിന് പ്രാബല്യമുണ്ടായിരിക്കും.

നിലയ്ക്കലും പമ്പയിലും വാഹനങ്ങൾ തടയുകയും കല്ലേറിൽ സർക്കാർ, കെഎസ്ആർടിസി, പത്രപ്രവർത്തകർ, തീർഥാടകർ എന്നിവരുടെ വാഹനങ്ങൾ നശിപ്പിക്കുകയും പത്രപ്രവർത്തകരേയും സർക്കാർ ജീവനക്കാരേയും തീർഥാടകരേയും കൈയേറ്റം

ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ ക്രമസമാധാന ലംഘന സാധ്യത കണക്കിലെടുത്ത് നിരോധനാജ്ഞ പുറപ്പെടുവിക്കണമെന്ന പത്തനംതിട്ട ഡിവൈഎസ്പിയുടെയും നിലയ്ക്കൽ, പമ്പ, സന്നിധാനം എക്സിക്യൂട്ടീവ് മജിസ്ട്രേട്ടുമാരുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവ്.

(പിഎൻപി 3414/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**